"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പെടെയുള്ള കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് സ്കാനർ ഉൾപ്പെടെയുള്ള പ്രിന്ററും വാങ്ങി നൽകാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2329/2025/LSGD തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് സ്റ്റുഡന്റ്സ് ഫോറം പ്രസിഡന്റിന്റെ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2025ലെ LSGD/PD/8507/2025-EMP4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പെടെയുള്ള കാഴ്ച പരിമിതർക്ക് സൗജന്യമായി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവാദം നൽകിയിട്ടുള്ള ഉപകരണങ്ങൾ പരാമർശം 1 സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.1.2(ഡി) പ്രകാരം പട്ടികപ്പെടുത്തിയിട്ടുണ്ട്. കാഴ്ച പരിമിതർക്ക് ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ്കെയിൻ, ഹാൻഡ് ഹെൽഡ് സ്റ്റാന്റ് ലൈറ്റ് ഉള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്. സ്പീച്ച് സിന്തസൈസേഴ്സ്, കമ്പൂട്ടർ/ലാപ്പ്ടോപ്പ് ഇവയ്ക്കാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകൾ, ടോക്കിംഗ് ഹിയറിംഗ് സോഫ്റ്റ് വെയർ ഉള്ള ലാപ്പ്ടോപ്പും കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും, കാഴ്ചകുറഞ്ഞവർക്കും കേൾവിശക്തി കുറഞ്ഞവർക്കുമായി ടെലിഫോണിൽ ഘടിപ്പിക്കുന്ന ബ്രെയിലി അറ്റാച്ച്മെന്റുകൾ, ബ്രെയിലി എഴുത്തിന് ഉപകരിക്കുന്ന ഉപകരണങ്ങൾ, ഷോർട്ട് ഹാൻഡ് ബ്രെയിലി മെഷീൻ, പത്താം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയിലി ടൈപ്പ്റൈറ്റർ, ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്പ്ടോപ്പ്/കമ്പ്യൂട്ടർ, കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ, പ്രത്യേക പഠന സാമഗ്രികൾ, കാഴ്ചശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വാച്ച് എന്നിവ സൗജന്യമായി നൽകുന്നതിന് ഇതുപ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

2.കാഴ്ചയില്ലാത്തവർക്ക് നിലവിൽ നൽകി വരുന്ന ഉപകരണങ്ങളോടൊപ്പം, നിലവിലെ സാങ്കേതിക വിദ്യകൾക്കും കാലത്തിനും അനുയോജ്യമായ ബ്രെയിൻ ഡിസ്-പ്ലേ, നിലവിൽ നൽകി വരുന്ന ടോക്കിംഗ് സോഫ്റ്റ്-വെയറോട് കൂടിയ ലാപ്ടോപ്പുകൾക്ക് പുറമെ ഒരു സ്കാനർ, പ്രിന്റർ എന്നിവ ഉൾപ്പെടെ നൽകണമെന്നും പരാമർശം 2 പ്രകാരം ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പെടെയുള്ള കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് പരാമർശം 1 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.2(ഡി)(4) പ്രകാരമുള്ള ലാപ്പ്ടോപ്പ്/കമ്പ്യൂട്ടറുകൾ നൽകുമ്പോൾ, അവയോടൊപ്പം 15,000/- രൂപയിൽ അധികരിക്കാതെ സ്കാനർ ഉൾപ്പെടെയുള്ള പ്രിന്ററും കൂടി നൽകാൻ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. സാമൂഹ്യനീതി വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി
23. പ്രസിഡന്റ്, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് സ്റ്റുഡന്റ്സ് ഫോറം, വഞ്ചിയൂർ - 695035

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 24-09-2025 16:50:41

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്